പരിഹാരത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പുതിയങ്ങാടി റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് 28.60 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത പ്രവൃത്തിക്ക് 23.58 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളതും പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്. ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാറിലേർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്ലിയറൻസ് ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

### 1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്ന് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 2. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീ. ഇ. കെ. വിജയൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI വ്യക്തിപരമായ വിശദീകരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു മറുപടി പറഞ്ഞപ്പോൾ കുറേ ആളുകളുടെ പേര് പറഞ്ഞ കൂട്ടത്തിൽ എന്റെയും പേരുപറഞ്ഞു. അദ്ദേഹം അത് ആ രൂപത്തിൽ ചിത്രീകരിക്കരുതായിരുന്നു. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ബിൽഡിംഗിനെക്കുറിച്ചുള്ള ചർച്ചയിലാണ് അദ്ദേഹം അത് പറഞ്ഞത്. അദ്ദേഹത്തെപ്പോലൊരാൾ ഇത് പറയുമെന്ന് ഞാൻ കരുതിയില്ല. അതിന് ഒരു ചരിത്രമുണ്ട്. അത് 2008-ൽ ആരംഭിച്ചതാണ്. ഏത് ഗവൺമെന്റാണെന്ന് ഞാൻ പറയുന്നില്ല, കാരണം അതിൽ രാഷ്ട്രീയം കാണാൻ താൽപ്പര്യമില്ലാത്തതുകൊണ്ടാണ്. 2008-ൽ ആരംഭിക്കുന്ന സമയത്ത് അത് കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലമായിരുന്നു. പക്ഷേ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് ആ സ്ഥലം കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. ആ തീരുമാനമില്ലാതെ, ശരിയായ വിധത്തിൽ ഒരു പ്ലാൻ പോലും സബ്മിറ്റ് ചെയ്യാതെ, ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം കിട്ടാതെ ടെണ്ടർ നടന്നു. എസ്റ്റിമേറ്റില്ലാതെയാണ് ടെണ്ടർ നടന്നത്.

LIBRARY ARCHIVES Kerala Legislative Assembly